# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.338 | 15.03.2017- ൽ മറുപടിയ്ക്ക് |
|---|---|

## ഓൺലൈൻ വ്യാപാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.ബി. സതീഷ്<br>,, വി. അബ്ദുറഹിമാൻ<br>,, കെ.ജെ. മാക്സി<br>,, എം. മുകേഷ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ വ്യാപാരം, ടെലിഷോപ്പിംഗ് എന്നിവ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം വ്യാപാരികൾ സംസ്ഥാനത്ത് വാറ്റ് രജിസ്ട്രേഷനോ പുതുതായി ജി.എസ്.റ്റി. രജിസ്ട്രേഷനോ എടുത്തിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തിനകത്തു നിന്നും പ്രവർത്തിക്കുന്ന ഓൺലൈൻ വ്യാപാരികൾ വാറ്റ് രജിസ്ട്രേഷൻ എടുക്കുന്നുണ്ട്. സംസ്ഥാനത്തിനു പുറത്തു നിന്നും പ്രവർത്തിക്കുന്ന കമ്പനികൾ കേന്ദ്ര വിൽപന നികുതി നിയമ പ്രകാരം ഏതു സംസ്ഥാനത്തു നിന്നാണോ വിൽപന നടത്തുന്നത് ആ സംസ്ഥാനത്താണ് രജിസ്ട്രേഷനെടുത്ത് നികുതി അടയ്ക്കേണ്ടത്. |
| (സി) | ആമസോൺ, ഫ്ലിപ്പ്കാർട്ട് തുടങ്ങിയ വൻകിട ഓൺലൈൻ വ്യാപാരികളും ഫോൺ വഴി ഓർഡർ സ്വീകരിച്ച് ചരക്കുകൾ വീട്ടിലെത്തിക്കുന്നവരും സംസ്ഥാനത്ത് നടത്തുന്ന വ്യാപാരത്തിന്റെ മതിപ്പ് കണക്ക് എത്രയാണ്; ഇവർ സംസ്ഥാനത്തിന് നികുതി നൽകാൻ ബാധ്യസ്ഥരാണോ; | (സി) | 2014, 2015, 2016 വർഷങ്ങളിൽ കേരളത്തിൽ നടന്നതായി കണക്കാക്കപ്പെട്ട ഓൺലൈൻ വ്യാപാരത്തിന്റെ ഏകദേശ വിറ്റുവരവ് യഥാക്രമം 1170, 1755, 2633 കോടി രൂപയാണ്. ഓൺലൈൻ വ്യാപാരികൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് നടത്തുന്ന വില്പനയിൽ ഇപ്പോൾ നികുതി നൽകാൻ ബാധ്യസ്ഥരല്ല. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തിനു വെളിയിൽ നിന്നുള്ള വ്യാപാരികൾ സംസ്ഥാനാതിർത്തിക്കു പുറത്തു നടത്തുന്ന വിൽപ്പനയായതിനാൽ ഇതിന്റെ നികുതി സംസ്ഥാനത്തിന് ലഭിക്കുമോ; സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ഇത്തരത്തിൽ പ്രതികൂലമായി ബാധിക്കുന്നത് തടയാൻ മാർഗ്ഗമുണ്ടോ? | | ഓൺലൈനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് നടത്തുന്ന വില്പനയിൽ, അത്തരം സാധനങ്ങൾക്ക് അതാതു സംസ്ഥാനത്ത് നിലവിലുള്ള നിരക്കിൽ CST ഈടാക്കുകയാണ് ചെയ്യുന്നത്. ഈ വരുമാനം വിൽപന നടത്തുന്ന സംസ്ഥാനങ്ങൾക്ക് മാത്രമാണ് ലഭ്യമാകുക. ഓൺലൈനായി നടക്കുന്ന വില്പന കൂടുതലും അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളതാകയാൽ ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. എന്നാൽ ഇത്തരം വ്യാപാരം നിയമം മൂലം തടയുവാൻ സംസ്ഥാനത്തിനു കഴിയുകയില്ല. |

**സെക്ഷൻ ഓഫീസർ**